**SY-208**

**Reg. No. : .......................................**

**Name : ..........................................**

**SECOND YEAR HIGHER SECONDARY EXAMINATION, MARCH 2026**

Part – II

Time : $2\frac{1}{2}$ Hours

**മലയാളം**

Cool-off time : 15 Minutes

**(MALAYALAM)**

Maximum : 80 Scores

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ*** :

- 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 6 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉചിതമായ 2 ഉത്തരം തിരഞ്ഞെടുത്തെഴുതുക. 2 സ്കോർ വീതം.** **(5 × 2 = 10)**

1. ഗബ്രിയേൽ ഗാർസിയ മാർക്വെസ് എന്ന എഴുത്തുകാരന് യോജിക്കുന്നവ ഏതെല്ലാം ?

   - ലാറ്റിനമേരിക്കൻ എഴുത്തുകാരൻ
   - സർ-റിയലിസം എന്ന രചനാസങ്കേതം ഉപയോഗിച്ചു
   - നോബൽ സമ്മാന ജേതാവ്
   - സിനിമാ സംവിധായകൻ

2. കലാമണ്ഡലം ഹൈദരലിയുടെ കലാജീവിതവുമായി ബന്ധപ്പെട്ട രണ്ട് പ്രസ്താവനകൾ എഴുതുക.

- സമുദായത്തിന്റെ ചട്ടക്കൂട്ടിനകത്തുനിന്ന് കലാപഠനം നടത്തി.
- പ്രതിബന്ധങ്ങളെ തരണം ചെയ്യാൻ കല സഹായിച്ചു.
- ജന്മസിദ്ധിയും സാധനയും കലാകാരനെ രൂപപ്പെടുത്തുന്നു
- കലാമണ്ഡലത്തെക്കുറിച്ച് മുന്നേ തന്നെ അറിവുണ്ടായിരുന്നു

3. കാക്കാരശ്ശി നാടകത്തിന് അനുയോജ്യമായവ ഏതെല്ലാം ?

- സാമൂഹിക വിമർശനം ലക്ഷ്യമാക്കുന്നു.
- മലബാർ ഭാഗത്തെ നാടൻ കലാരൂപം
- സംസ്കൃതഭാഷാബാഹുല്യം
- സംഗീതം, നൃത്തം, അഭിനയം എന്നിവയ്ക്ക് പ്രാധാന്യം

4. 'കൈയൊപ്പില്ലാത്ത സന്ദേശം' എന്ന പാഠഭാഗത്തിന് യോജിച്ചത് എടുത്തെഴുതുക.

- പരിചയമുള്ള രണ്ടു വ്യക്തികൾ തമ്മിലുള്ള സന്ദേശവിനിമയം
- കമ്പ്യൂട്ടറിന്റെ വരവോടെ ശ്രീധരന്റെ ജീവിതത്തിൽ അടുക്കും ചിട്ടയും വന്നു.
- കമ്പ്യൂട്ടറിലൂടെ വരുന്ന സന്ദേശങ്ങൾക്ക് കൈയൊപ്പില്ല

5. 'വാംഖഡെയുടെ ഹൃദയത്തുടിപ്പുകൾ' എന്ന ഫീച്ചറിനു ചേരുന്ന രണ്ട് സവിശേഷതകൾ എഴുതുക.

- വൈകാരികമായ ഭാഷ
- ക്രിക്കറ്റിലെ നിയമങ്ങളുടെ വിശദ വിവരണം
- ആകർഷകമായ തലക്കെട്ട്
- വാർത്താരൂപത്തിലുള്ള അവതരണം

6. 'അഗ്നിവർണന്റെ കാലുകൾ' എന്ന നാടകത്തിന് യോജിക്കുന്നവ ഏതെല്ലാം ?

- പ്രജാക്ഷേമ തത്പരനായ രാജാവ്
- ജീർണ്ണമായ അധികാരവ്യവസ്ഥ
- ജനഹിതത്തിനു പ്രാധാന്യം നൽകുന്ന ഉദ്യോഗസ്ഥർ
- തനതു നാടകം

**7 മുതൽ 11 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം. (4 × 2 = 8)**

7. മലയാളം മുൻഷിയുടെ ക്ലാസ്സുകൾ ഇ.സി.ജി. സുദർശനെ സ്വാധീനിച്ചതെങ്ങനെ ?

8. സൂര്യകുണ്ഡിന്റെ ഏതെങ്കിലും രണ്ട് സവിശേഷതകൾ എഴുതുക.

9. പുലിക്കോട്ടിൽ ഹൈദറിന്റെ കത്തുപാട്ടുകളുടെ സവിശേഷതകളെന്തെല്ലാം ?

10. 'തേങ്ങ തലയിൽ വീണാൽ ചിരിക്കരുത് ' എന്ന ഗുണപാഠത്തിൽ ഒളിഞ്ഞിരിക്കുന്ന ആക്ഷേപഹാസ്യം എന്താണ് ?

11. 'നവമാധ്യമം എന്ന വിളിപ്പേരിനേക്കാൾ ഉചിതം സാമൂഹിക മാധ്യമം എന്നതാണ്' ഇങ്ങനെ പറയുന്നത് എന്തുകൊണ്ട് ?

**12 മുതൽ 18 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(6 × 4 = 24)**

12. "ഭരിച്ചുകൊൾക തവ പുത്രനെ വൈകാതെ നീ
സുരസ്ത്രീസമയായ കൗശിക പുത്രിയോടും"
ഈ അശരീരിവാക്യം കഥാഗതിയിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാം ?

13. 'ഉത്തമയായ തോഴിയാണ് കേശിനി' – ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? വിശദമാക്കുക.

14. ഒരാൾ മോഷ്ടാവായി മാറുന്നതിൽ സമൂഹം ചെലുത്തുന്ന സ്വാധീനം അയ്യപ്പപ്പണിക്കരുടെ 'മോഷണം' എന്ന കവിതയിൽ കാണാൻ സാധിക്കുമോ ? വ്യക്തമാക്കുക.

15. ഉചിതമായവ ചേർത്തെഴുതുക.

| | |
|---|---|
| പത്രങ്ങൾ | സാമൂഹിക മാധ്യമം |
| ഇൻസ്റ്റഗ്രാം | ശ്രാവ്യ മാധ്യമം |
| ടെലിവിഷൻ | അച്ചടി മാധ്യമം |
| റേഡിയോ | ദൃശ്യമാധ്യമം |

16. 'പരിഹാസം കലർന്ന വാക്കും നോക്കും എന്നെ സ്പർശിക്കാതെയായി' ഈ മനോഭാവമാണോ കലാമണ്ഡലം ഹൈദരലിയുടെ വളർച്ചയ്ക്ക് സഹായകമായത്. നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുക.

17. "കുറവറ്റീടിന മുനികുലനാഥൻ" ഈ പ്രയോഗത്തിലുടെ ശീലാവതി വ്യക്തമാക്കുന്നതെന്ത് ?

18. കമ്പ്യൂട്ടറിന്റെ വരവ് ശ്രീധരന്റെ ജീവിതത്തെ മാറ്റിമറിച്ചു. ഇത് വ്യക്തമാക്കുന്ന സന്ദർഭങ്ങൾ "കൈയൊപ്പില്ലാത്ത സന്ദേശം" എന്ന പാഠഭാഗത്തുനിന്ന് കണ്ടെത്തി എഴുതുക.

**19 മുതൽ 23 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 സ്കോർ വീതം.** **(4 × 6 = 24)**

19. 'പ്രകാശം ജലം പോലെയാണ്', 'ടാപ്പ് തുറന്നാൽ മതി കുതിച്ചൊഴുകും' ഈ വാക്യങ്ങൽ ഭാവനയുടെ ലോകത്തേക്ക് കുതിച്ചുയരാനും വൈകാരിക പ്രതിസന്ധി മറികടക്കാനും ടോട്ടോയെയും ജോവലിനെയും സഹായിച്ചു എന്ന് നിങ്ങൾ കരുതുന്നുണ്ടോ. 'പ്രകാശം ജലം പോലെയാണ്' എന്ന കഥയെ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

20. 'മാപ്പിളപ്പാട്ടിന്റെ ലോകത്തിൽ സവിശേഷ മുദ്രപതിപ്പിച്ച കവിയാണ് പുലിക്കോട്ടിൽ ഹൈദർ'. വിശദമാക്കുക.

21. 'നമ്മുടെ ജവാന്മാരെയല്ലേ ദേവന്മാരേക്കാൾ കൂടുതൽ ആദരിക്കേണ്ടത് ' ഇങ്ങനെ ചിന്തിക്കാൻ എസ്.കെ.പൊറ്റെക്കാട്ടിനെ പ്രേരിപ്പിച്ച ഘടകങ്ങൾ വിശദീകരിക്കുക.

22. വിപണിയുടെ സമകാലിക യാഥാർഥ്യങ്ങളെ പ്രതിഫലിപ്പിക്കുന്ന കഥയാണ് പി. പത്മരാജന്റെ 'അവകാശങ്ങളുടെ പ്രശ്നം'. വിശദമാക്കുക.

23. 'അഗ്നിവർണന്റെ കാലുകൾ' എന്ന നാടകത്തിലെ അഗ്നിവർണൻ ഒരു വ്യക്തിയെ മാത്രമല്ല പ്രവണതയെക്കൂടി പ്രതിനിധീകരിക്കുന്നു. ഈ അഭിപ്രായത്തോട് പ്രതികരിക്കുക.

**താഴെക്കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് 24 മുതൽ 26 വരെ ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. 2 സ്കോർ വീതം.** **(3 × 2 = 6)**

ഓരോ കാലത്തും ലഭ്യമായ മാധ്യമങ്ങളിലൂടെ തങ്ങളുടെ സാഹിത്യരചനകളുടെ മഹിമകൾ ആകാവുന്നത്ര പ്രചരിപ്പിക്കുവാൻ എല്ലാ എഴുത്തുകാരും ശ്രമിച്ചിട്ടുണ്ട്. എന്നാൽ ആ പ്രവൃത്തിയിൽ വളരെ കുറച്ചുമാത്രം ഏർപ്പെട്ട കവിയാണ് ഇടശ്ശേരി ഗോവിന്ദൻ നായർ.

അടി മുതൽ മുടി വരെ മനുഷ്യൻ മാത്രമായ കവിയായിരുന്നു ഇടശ്ശേരി എന്ന് പറയാറുണ്ട്. ഇടശ്ശേരി സ്വപ്നം പകർത്തിയാലും അത് മനുഷ്യൻ കാണുന്ന സ്വപ്നമായി നിലനിന്നു. പുരാണബിംബങ്ങൾ കവിതാവിഷയമാക്കിയപ്പോഴും അവയുടെ മനുഷ്യസംബന്ധങ്ങളിലാണ് ഇടശ്ശേരി ശ്രദ്ധിച്ചത്. കൃഷ്ണനും ഹനുമാനും സൂര്യനും ദേവിയും മാത്രമല്ല പേടിപ്പിക്കുന്ന വേഷങ്ങളിലെത്തുന്ന ഭൂതം പോലും മനുഷ്യഭാവങ്ങളിലാണു പ്രത്യക്ഷപ്പെടുന്നത്.

24. സ്വന്തം രചനകളുടെ പ്രചാരവുമായി ബന്ധപ്പെട്ടുള്ള എഴുത്തുകാരുടെ പൊതുസ്വഭാവമെന്ത് ?

25. ഇടശ്ശേരിയുടെ പ്രത്യേകതയെക്കുറിച്ച് ലേഖകന്റെ അഭിപ്രായമെന്ത് ?

26. പുരാണബിംബങ്ങളുടെ അവതരണത്തിൽ ഇടശ്ശേരിയുടെ സമീപനം എന്തായിരുന്നു ?

**ചുവടെ തന്നിട്ടുള്ളവയിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 8 സ്കോർ.** **(1 × 8 = 8)**

27. ആത്മാന്വേഷണത്തിൽ അധിഷ്ഠിതമായ പെൺബോധത്തിന്റെ ഉദയമാണ് ഗ്രേസിയുടെ 'ഗൗളിജന്മം' എന്ന കഥ. വിശദമാക്കുക.

28. നഷ്ടബോധവും നഷ്ടപ്പെട്ടത് തിരിച്ചു പിടിക്കാമെന്ന പ്രത്യാശയുമാണ് 'കിരാതവൃത്തം' എന്ന കവിതയുടെ ജീവൻ. കവിത വിശകലനം ചെയ്ത് ഉപന്യാസം തയ്യാറാക്കുക.